പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 72** **12-10-2026-ൽ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പിൽ നിന്നുള്ള ഭരണാനുമതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** 2023-24 ബജറ്റിൽ 20% തുക വകയിരുത്തിയ സർക്കാർ ഉത്തരവ് (ആർ. ടി.)നം.657/2026-പ്രകാരം ധനകാര്യ വകുപ്പ് അനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

**മറുപടി:** 2023-24 ബജറ്റിൽ 20% തുക വകയിരുത്തിയ സർക്കാർ ഉത്തരവ് (ആർ. ടി.)നം.657/2026-പ്രകാരം ധനകാര്യ വകുപ്പ് അനുമതി ലഭ്യമാക്കിയ പ്രവൃ ത്തികളുടെ വിശദവിവരം അടങ്ങിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത ഉത്തരവിലുള്ള പ്രവൃത്തികളുടെ ഭരണാനുമതിക്കായി പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് നല്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) വാല്യം II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

**(സി)** പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

2023-24 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ - 12.03.2024 ലെ സ.ഉ.(സാധാ) നം.2311/2024/ധന ഉത്തരവ് പ്രകാരം ഭേദഗതി പ്രവൃത്തിയായി ഉൾപ്പെടുത്തിയ പ്രവൃത്തിയ്ക്ക് പകരം മറ്റു പ്രവൃത്തികൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (ബഡ്ജറ്റ് -കെ) വകുപ്പ്**

G.O.(Rt)No.657/2026/FIN തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. ബഹു.മാവേലിക്കര.എം.എൽ.എ. ശ്രീ.എം.എസ്.അരുൺ കുമാർ, ബഹു.ധനകാര്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ 06/01/2026 ലെ കത്ത്.
2. 12.03.2024 ലെ സ.ഉ.(സാധാ) നം.2311/2024/ധന ഉത്തരവ്.
3. ധനകാര്യ (BW-K) വകുപ്പിന്റെ 3390154/BW-K1/23/2026-FIN നമ്പർ e-ഫയൽ

**ഉത്തരവ്**

2023-24 വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളിൽ 12.03.2024 ലെ സ.ഉ.(സാധാ) നം.2311/2024/ധന ഉത്തരവ് പ്രകാരം ഭേദഗതി പ്രവൃത്തിയായി 2 കോടി രൂപ അടങ്കൽ തുകയും, 20% വിഹിതവും അനുവദിച്ച് മൈനർ ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾപ്പെടുത്തിയ "Construction of a vented cross bar and its mechanical works and side protection works in Vettiyar thodu near Vettiyar bridge in Thazhakkara and Nooranadu Panchayaths in Mavelikkara LAC" എന്ന പ്രവൃത്തിയ്ക്ക് വകയിരുത്തിയ തുകയിൽ, പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 50 ലക്ഷം രൂപ "മാവേലിക്കര കെ.എസ്.ആർ.ടി.സി റീജിയണൽ വർക്ക് ഷോപ്പ് റോഡ് BMBC നിർമ്മാണം" എന്ന പ്രവൃത്തിയ്ക്കും, 150 ലക്ഷം രൂപ "ചാരുംമൂട്-പാലത്തടം-ആറുതുണ്ടിൽ ജംഗ്ഷൻ-വേടരപ്ലാവ് റോഡ് BMBC & പാലത്തടം-കനാൽ ജംഗ്ഷൻ റോഡ് ഇന്റർലോക്ക്" എന്ന പ്രവൃത്തിയ്ക്കും വകയിരുത്തി ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു.മാവേലിക്കര.എം.എൽ.എ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2023-24 വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളിൽ 12.03.2024 ലെ സ.ഉ.(സാധാ) നം.2311/2024/ധന ഉത്തരവ് പ്രകാരം ഭേദഗതി പ്രവൃത്തിയായി 2 കോടി രൂപ അടങ്കൽ തുകയും, 20% വിഹിതവും അനുവദിച്ച് മൈനർ ഇറിഗേഷൻ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾപ്പെടുത്തിയ "Construction of a vented cross bar and its mechanical works and side protection works in Vettiyar thodu near Vettiyar bridge in Thazhakkara and Nooranadu Panchayaths in Mavelikkara LAC" എന്ന പ്രവൃത്തിയ്ക്ക് വകയിരുത്തിയ തുക, പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | ഭേഗദതി പ്രവൃത്തികളുടെ പേര് | നിർവ്വഹണ വകുപ്പ് | എസ്റ്റിമേറ്റ് തുക | അനുവദിക്കുന്ന തുക (രൂപയിൽ) |
|---|---|---|---|---|
| 1 | മാവേലിക്കര കെ.എസ്.ആർ.ടി.സി റീജിയണൽ വർക്ക് ഷോപ്പ് റോഡ് BMBC നിർമ്മാണം | പൊതുമരാമത്ത് വകുപ്പ് | 50 ലക്ഷം | 10,00,000 |
| 2 | ചാരുംമൂട്-പാലത്തടം-ആറ്റുതുണ്ടിൽ ജംഗ്ഷൻ-വേടരപ്ലാവ് റോഡ് BMBC & പാലത്തടം-കനാൽ ജംഗ്ഷൻ റോഡ് ഇന്റർലോക്ക് | പൊതുമരാമത്ത് വകുപ്പ് | 150 ലക്ഷം | 30,00,000 |
| | ആകെ | | 200 ലക്ഷം | 40,00,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYALEKSHMI O
UNDER SECRETARY

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II) കേരള, തിരുവനന്തപുരം.
3. ശ്രീ.എം.എസ്.അരുൺ കുമാർ.എം.എൽ.എ, , നിള ബ്ലോക്ക് -58, എം.എൽ.എ

ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം.

4. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ചീഫ് എഞ്ചിനീയർ, പൊതു മരാമത്ത് വകുപ്പ്
6. മൈനർ ഇറിഗേഷൻ വകുപ്പ്
7. നോഡൽ ഓഫീസർ www.finance.kerala.gov.in
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് ( 3390154/BW-K1/23/2026-FIN)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ